# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/ 05/ 2019

## കുട്ടികൾക്ക് കൂട്ടുകാരാകാൻ ഇനി പോലീസുകാരും.

കൊല്ലം : ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ എന്ന ആശയം ആദ്യമായി പരീക്ഷിച്ചത് കേരളത്തിലാണ്. സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾ ധൃതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ വെല്ലുവിളികൾ നേരിടുന്നത് കുട്ടികളാണ്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് വേണ്ട സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കേരള പോലീസും യൂണിസെഫും ആവിഷ്കരിച്ച നുതന ആശയമാണ് ശിശു സൗഹൃദ പോലീസ്.

കുട്ടികളുടെ പരിചരണത്തിനും വികാസത്തിനും ഉത്തരവാദിത്തപ്പെട്ട ഏജൻസികളുടേയും വകുപ്പുകളുടേയും കൂട്ടായ്മയിലൂടെയും കുട്ടിയ്ക്ക് ചുറ്റും ഒരു അദൃശ്യവലയം സൃഷ്ടിച്ച് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, കുട്ടികൾക്കിടയിലുള്ള ലഹരി പദാർത്ഥങ്ങളുടെ ലഭ്യത ഇല്ലാതാക്കുന്നതിനും, അവർക്കാവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകി അവരുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുവാനും, അക്രമികളായ കുറ്റവാളികൾക്കെതിരെ കണിശവും സമയബന്ധിതവുമായ ഇടപെടലുകളിലൂടെ ശിക്ഷ ഉറപ്പുവരുത്തുവാനും ഇത്തരത്തിൽ കുട്ടികളുമമായി ഇടപഴകുമ്പോൾ ഒരു സഹരക്ഷിതാവായി ഓരോ പോലീസുകാരനും പെരുമാറുക വഴി  കുട്ടികൾക്കും ഒപ്പം മുതിർന്നവർക്കും ഭയമില്ലാതെ പോലീസ് സ്റ്റേഷനെ സമീപിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.




കുടുംബത്തിലെ ഏറ്റവും വലിയ സമ്പത്ത് ആ കുടുംബത്തിലെ കുട്ടികളാണ് അവരിൽ നിന്നും ഒരു നല്ല തലമുറയെ ആ കുടുംബം പ്രതീക്ഷിക്കുന്നു, അതുപോലെ ആ കുട്ടിയിൽ നിന്നും ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കാൻ ഓരോ പോലീസുകാരനും കഴിയണം എങ്കിൽ മാത്രമേ നമുക്ക് ചൈൽഡ് ഫ്രണ്ട്ലി പോലീസ് ആകുവാൻ കഴിയു എന്ന് അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. പി.എ മുഹമ്മദ് ആരിഫ് പരിശീലന പദ്ധതിയുടെ രണ്ടാംഘട്ട ഉദ്ഘാടന വേദിയിൽ പറഞ്ഞു.